**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1334** **14-03-2022 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-2022 അദ്ധ്യയന വർഷം എസ്.എസ് .എൽ.സി., പ്ലസ് ടു ക്ലാസുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്; വിശദമാക്കാമോ; | (എ) | 2021-2022 അധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | മുൻവർഷങ്ങളിൽ നിലവിലുള്ള രീതിയിൽ തന്നെയാണോ ഗ്രേസ് മാർക്ക് അനുവദിക്കുന്നത്; വിശദമാക്കാമോ; അതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 18.01.2022 ലെ സർക്കാർ ഉത്തരവ് നമ്പർ 394/2022/പൊവിവ പ്രകാരം പരിഷ്കരിച്ച ഹയർ സെക്കണ്ടറി പരീക്ഷാ മാന്വലിൽ ഗ്രേസ് മാർക്ക് എ പ്ലസ് ലഭിക്കുന്നതുവരെയായി നിജപ്പെടുത്തി യിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ 2021-2022 അധ്യയന വർഷം എസ്.എസ്.എൽ.സി/ പ്ലസ് ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. |
| (സി) | ഗ്രേസ് മാർക്ക് നൽകുന്ന കാര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ നയത്തിലെ മാനദണ്ഡങ്ങൾ തന്നെയാണോ സംസ്ഥാന സർക്കാരും അവലംബിക്കുന്നത്; വിശദമാക്കാമോ? | (സി) | അല്ല. 2022 ലെ പൊതുപരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ